UNIVERSITY OF CALICUT

UNIVERSITY OF CALICUT

(DOA)

No: 79355/DOA-ASST-6/2018/Admn Dated,Calicut University P.O 16.05.2018

**NOTIFICATION**

**കാലിക്കറ്റ് സർവ്വകലാശാല**

***അഫ്സൽ-ഉൽ-ഉലമ (പ്രിലിമിനറി) ദ്വിവത്സര കോഴ്സ് -2018***

**2018-19 അദ്ധ്യയന വർഷത്തിൽ കാലിക്കറ്റ് സർവ്വകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിൽ അഫ്സൽ-ഉൽ-ഉലമ പ്രിലിമിനറി ദ്വിവത്സര കോഴ്സിൽ പ്രവേശനം ലഭിക്കുന്നതിന് വിദ്യാർത്ഥികളിൽ നിന്ന് ഓൺലൈനായി അപേക്ഷകൾ ക്ഷണിക്കുന്നു.**

അഫ്സൽ-ഉൽ-ഉലമ പ്രിലിമിനറി കോഴ്സിന് പ്രവേശനം ആഗ്രഹിക്കുന്നവർ ജനറൽ/മെറിറ്റ്/സംവരണം/സ്പോർട്സ്/ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർ/കാശ്മീരി വിദ്യാർത്ഥികൾ/തമിഴ് ഭാഷാ ന്യൂനപക്ഷക്കാർ/കമ്മ്യൂണിറ്റി/മാനേജ്മെന്റ് എന്നീ വിഭാഗങ്ങളിലുള്ളവർ ഉൾപ്പെടെ നിർബന്ധമായും സെൻട്രലൈസ്ഡ് അഡ്മിഷൻ പ്രോസസ് (CAP) മുഖാന്തരം രജിസ്റ്റർ ചെയ്യേണ്ടതാണ്. CAP മുഖാന്തരം രജിസ്റ്റർ ചെയ്യാത്ത അപേക്ഷകരെ പ്രവേശന പ്രക്രിയയുടെ ഒരു ഘട്ടത്തിലും പ്രവേശനത്തിന് അനുവാദം നൽകുന്നതല്ല.

**<u>പ്രവേശന യോഗ്യത</u>** – എസ്.എസ്.എൽ.സി, ടി.എച്ച്.എസ്.എൽ.സി. (കേരള സിലബസ്) , സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ, തുടങ്ങിയ സ്കീമുകളിൽ പരീക്ഷ ജയിച്ചവർക്കും മറ്റു സംസ്ഥാനങ്ങളിൽ നിന്നും രാജ്യങ്ങളിൽ നിന്നും എസ്.എസ്.എൽ.സി.ക്ക് തുല്യമായ പരീക്ഷ വിജയിച്ചിട്ടുള്ളവർക്കും അപേക്ഷിക്കാം. പൊതുപരീക്ഷയിലെ ഓരോ പേപ്പറിനും കുറഞ്ഞത് ഡി+ ഗ്രേഡോ തത്തുല്യമായ മാർക്കോ വാങ്ങി ഉന്നതപഠനത്തിനു യോഗ്യത നേടിയിരിക്കണം. എസ്.എസ്.എൽ.സി. പഴയ സ്കീമിൽ പരീക്ഷ എഴുതിയവരുടെയും, ഗ്രേഡിങ് രീതിയിലുള്ള മൂല്യനിർണ്ണയം നിലവിലില്ലാത്ത മറ്റു സ്കീമുകളിൽ പരീക്ഷ എഴുതിയവരുടേയും മാർക്കുകൾ ഗ്രേഡാക്കി മാറ്റിയ ശേഷമായിരിക്കും പ്രവേശനത്തിനു പരിഗണിക്കുന്നത്. മറ്റ് സ്കീമുകളിൽപെട്ട അപേക്ഷകർ വിവിധ വിഷയങ്ങളുടെ ഓരോ പേപ്പറിനും അതാത് ബോർഡുകൾ നിശ്ചയിച്ചിട്ടുള്ള വിജയിക്കാനാവശ്യമായ മിനിമം മാർക്ക് നേടിയിരിക്കണം.

അപേക്ഷകർക്ക് 2018 ജൂൺ മാസം ഒന്നിന് പതിനഞ്ച് വയസ് പൂർത്തിയായിരിക്കണം. എന്നാൽ ഇരുപത് വയസ് കഴിയാൻ പാടില്ല. കേരളത്തിലെ പൊതുപരീക്ഷാ ബോർഡിൽ നിന്ന് എസ്.എസ്.എൽ.സി.,ടി.എച്ച്.എസ്. എൽ.സി. പരീക്ഷ വിജയിക്കുന്ന അപേക്ഷകർക്ക് കുറഞ്ഞ പ്രായപരിധിയില്ല. മറ്റു ബോർഡുകളുടെ പരിക്ഷകൾ വിജയിച്ച അപേക്ഷകർക്ക് കുറഞ്ഞ പ്രായപരിധിയിലും ഉയർന്ന പ്രായപരിധിയിലും ആറുമാസം വരെ ഇളവ് അനുവദിക്കുന്നതാണ്. കേരളത്തിലെ പൊതുപരീക്ഷ ബോർഡിൽ നിന്ന് എസ്.എസ്.എൽ.സി വിജയിച്ച അപേക്ഷകർക്ക് ഉയർന്ന പ്രായപരിധിയിൽ ആറുമാസം വരെ ഇളവ് അനുവദിക്കുന്നതാണ്. പട്ടിക ജാതി/പട്ടിക വർഗവിഭാഗത്തിൽപെട്ട അപേക്ഷകർക്ക് ഉയർന്ന പ്രായപരിധിയിൽ രണ്ടു വർഷം വരെ ഇളവ് അനുവദിക്കും. അന്ധരോ, ബധിരരോ, ബുദ്ധിപരമായി വെല്ലുവിളികൾ നേരിടുന്നവരോ ആയവർക്ക് ഇരുപത്തിയഞ്ച് വയസ് വരെ അപേക്ഷിക്കാം.

**രജിസ്ട്രേഷൻ രീതി : ഓൺലൈൻ**

വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.cuonline.ac.in) പ്രസിദ്ധീകരിക്കുന്നതാണ്. സെൻട്രലൈസ്ഡ് അഡ്മിഷൻ പ്രോസസ് വഴിയുള്ള ഓൺലൈൻ രജിസ്ട്രേഷൻ ഒറ്റഘട്ടമായിട്ടായിരിക്കും നടത്തുക.

**ഓൺലൈൻ രജിസ്ട്രേഷൻ ഫീ പെയ്മെന്റ്**

ഇ-പെയ്മെന്റ് സംവിധാനത്തിലൂടെ മാത്രമെ ഓൺലൈൻ രജിസ്ട്രേഷൻ ഫീസ് അടയ്ക്കാവൂ. (എസ്.ബി.ഐ ഓൺലൈൻ/ഇ-ചലാൻ/ഫ്രണ്ട്സ് ജനസേവനകേന്ദ്രം/ അക്ഷയകേന്ദ്രം/പെയ്മെന്റ് ഗെയ്റ്റ് വേ)

1) ഓൺലൈൻ രജിസ്ട്രേഷൻ ഫീസ് അടയ്ക്കുവാനുള്ള പർപസ് കോഡ് :Application fee for Afzal-Ul Ulama (preliminary) -2018

2) ഓൺലൈൻ രജിസ്ട്രേഷൻ ഫീസ് :

**ജനറൽ കാറ്റഗറി - 210**

**എസ്.സി/എസ്.ടി -105**

വിദ്യാർത്ഥികൾ രജിസ്ട്രേഷൻ ചെയ്യുന്നതിന് മുൻപായി www.cuonline.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാവുന്ന അഫ്സൽ-ഉൽ-ഉലമ പ്രിലിമിനറി സെൻട്രലൈസ്ഡ് അഡ്മിഷൻ പ്രോസസിന്റെ പ്രോസ്പക്ടസ് വിശദമായി വായിച്ചിരിക്കേണ്ടതാണ്. ഒരു തവണ അടച്ച അപേക്ഷാഫീസ് യാതൊരുകാരണവശാലും തിരിച്ചുലഭിക്കുന്നതല്ല.

**മാൻഡേറ്ററി ഫീസ്**

അലോട്ട്മെന്റ് ലഭിക്കുന്നതിനായി, വിദ്യാർത്ഥികൾ താഴെപറഞ്ഞിട്ടുള്ള മാൻഡേറ്ററി ഫീസ് ഇ-പെയ്മെന്റ് മുഖാന്തരം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ യൂണിവേഴ്സിറ്റി ഫണ്ടിലേക്ക് അടക്കേണ്ടതാണ്.

**ജനറൽ കാറ്റഗറി- 450/-**

(സ്പോർട്സ് അഫിലിയേഷൻ ഫീസ് -265, യൂണിവേഴ്സിറ്റി യൂണിയൻ ഫീസ് - 80, മെട്രിക്കുലേഷൻ ഫീസ് -105)

**എസ്.സി/എസ്.ടി -105**

(മെട്രിക്കുലേഷൻ ഫീസ്- 105)

ഓൺലൈൻ അപേക്ഷയും ചലാൻ/പേയ്മെൻറ സ്ലിപ്പുകളുടെ പ്രിൻ്റ ഔട്ടും വിദ്യാർത്ഥികൾ സർവ്വകലാശാലയിലേക്ക് അയക്കേണ്ടതില്ല. ആയത് വിദ്യാർത്ഥികൾ കൈവശം വക്കേണ്ടതും പ്രവേശനം ലഭിക്കുന്ന മുറക്ക് യോഗ്യത സർട്ടിഫിക്കറ്റുകളോടോപ്പം കോളേജിൽ സമർപ്പിക്കേണ്ടതുമാണ്.

**<u>2018-19 അഫ്സൽ- ഉൽ -ഉലമ (പ്രിലിമിനറി) ഏകജാലക പ്രവേശന പട്ടിക</u>**

| ക്രമനമ്പർ | പ്രവർത്തനം | തീയതി |
|---|---|---|
| 1 | ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കുന്ന ദിവസം | 16.05.2018 |
| 2 | ഓൺലൈൻ രജിസ്ട്രേഷൻ ഫീസ് അടക്കേണ്ട അവസാന തീയതി | 30.05.2018 |
| 3 | ഓൺലൈൻ രജിസ്ട്രേഷൻ അവസാന തീയതി | 31.05.2018 |
| 4 | ട്രയൽ അലോട്ട്മെന്റ് | 07.06.2018 |
| 5 | ഓപ്ഷനുകളുടെ പുനഃക്രമീകരണം | 07.06.2018-<br>08.06.2018 |
| 6 | ഒന്നാമത്തെ അലോട്ട്മെന്റ് | 12.06.2018 |
| 7 | മാന്റേറ്ററി ഫീസ് പേയ്മെന്റ് | 12.06.2018-16.06.2018 |

| | | |
|---|---|---|
| 8 | കമ്യൂണിറ്റി ക്വാട്ട റാങ്ക് ലിസ്റ്റ് യൂണിവേഴ്സിറ്റി കോളേജുകൾക്ക് അയയ്ക്കുന്ന ദിവസം | 14.06.2018 |
| 9 | സ്പോർട്സ് ക്വാട്ട റാങ്ക് ലിസ്റ്റ് കോളേജുകൾ പ്രസിദ്ധീകരിക്കുന്ന ദിവസം | 14.06.2018 |
| 10 | രണ്ടാമത്തെ അലോട്ട്മെന്റ് | 19.06.2018 |
| 11 | മാന്റേറ്ററി ഫീസ് പേയ്മെന്റ് | 19.06.2018-21.06.2018 |
| 12 | താൽക്കാലികം / സ്ഥിര പ്രവേശനം | 19.06.2018-22.06.2018 |
| 13 | കമ്യൂണിറ്റി ക്വാട്ട റാങ്ക് ലിസ്റ്റ് കോളേജുകൾ പ്രസിദ്ധീകരിക്കുന്ന ദിവസം | 20.06.2018 |
| 14 | മൂന്നാമത്തെ അലോട്ട്മെന്റ് | 23.06.2018 |
| 15 | മാന്റേറ്ററി ഫീസ് പേയ്മെന്റ്, സ്ഥിര പ്രവേശനം | 23.06.2018-27.06.2018 |
| 16 | മാനേജ്മെന്റ് , കമ്യൂണിറ്റി , സ്പോർട്സ് ക്വാട്ട വിദ്യാർത്ഥികളുടെ പ്രവേശനം | 25.06.2018-27.06.2018 |
| 17 | മാനേജ്മെന്റ് , കമ്യൂണിറ്റി , സ്പോർട്സ് ക്വാട്ട വിദ്യാർത്ഥികളുടെ മാന്റേറ്ററി ഫീസ് അടയ്ക്കുന്ന ദിവസം | 25.06.2018-27.06.2018 |
| 18 | ക്ലാസ്സുകൾ ആരംഭിക്കുന്ന ദിവസം | 27.06.2018 |
| 19 | കോളേജുകൾ അഡ്മിഷൻ നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ അപ് ലോഡ് ചെയ്യുന്ന ദിവസം | 27.06.2018-28.06.2018 |
| 20 | കോളേജുകളിലെ ഒഴിവുള്ള സീറ്റുകളുടെ വിവരങ്ങൾ അറിയിക്കുന്ന ദിവസം | 28.06.2018 |

Dr.Abdul Majeed T.A.
Registrar